# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:09.05.2024**

### പ്രധാനവാർത്തകൾ

1. പദ്മ പുരസ്ക്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു അൽപസമയത്തിനകം സമ്മാനിക്കും.

2. സംസ്ഥാനത്ത് ഹയർ സെക്കൻററി, വൊക്കേഷണൽ ഹയർ സെക്കൻററി പരീക്ഷാ ഫലങ്ങൾ പ്രഖ്യാപിച്ചു. പ്ലസ് ടു പരീക്ഷയിൽ 78.69 ഉം, വി.എച്ച്. എസ്.ഇയിൽ 71.42 ഉം ആണ് വിജയ ശതമാനം.

3. ഉഷ്ണ തരംഗത്തെ തുടർന്ന് സംസ്ഥാനത്ത് താൽക്കാലികമായി ഉണ്ടായ വൈദ്യുതി പ്രതിസന്ധി നിയന്ത്രണ വിധേയമായെന്ന് കെ എസ് ഇ ബി

4. തിരുവിതാംകൂർ ദേവസ്വം ബോർഡിൻറെ കീഴിലുള്ള ക്ഷേത്രങ്ങളിൽ അരളിപ്പൂ നിവേദ്യത്തിൽ നിന്നും, അർച്ചന പ്രസാദത്തിൽ നിന്നും ഒഴിവാക്കും.

5. തെരുവുനായ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് പരാതികളിൽ ഹൈക്കോടതിയെ സമീപിക്കാൻ നിർദ്ദേശം നൽകി സുപ്രീം കോടതി.

6. ആലപ്പുഴ ജില്ലയിൽ ഇന്ന് ഉഷ്ണതരംഗത്തിന് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.

RNU TVPM

**7. ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് പഞ്ചാബ് കിംഗ്സ്, റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവുമായി ഏറ്റുമുട്ടും**

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

**പദ്മ പുരസ്കാരങ്ങൾ**

പദ്മ പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു അൽപസമയത്തിനകം സമ്മാനിക്കും. രാഷ്ട്രപതി ഭവനിൽ ചടങ്ങ് പുരോഗമിക്കുകയാണ്. രാജ്യത്തെ പരമോന്നത സിവിലിയൻ ബഹുമതിയായ പദ്മ പുരസ്കാരം വിവിധ മേഖലകളിൽ മികച്ച സംഭാവനകൾ കാഴ്ച വെച്ച വ്യക്തികൾക്കാണ് നൽകുന്നത്. ഏപ്രിൽ 22 ന് നടന്ന ചടങ്ങിൽ മൂന്ന് പദ്മ വിഭൂഷൺ, 8 പദ്മ ഭൂഷൺ, 55 പദ്മശ്രീ പുരസ്കാരങ്ങൾ രാഷ്ട്രപതി വിതരണം ചെയ്തിരുന്നു.

RNU TVPM

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

**പ്ലസ് ടു പരീക്ഷഫലം (ഇൻട്രോ)**

***സംസ്ഥാനത്ത് ഹയർ സെക്കൻററി, വൊക്കേഷണൽ ഹയർ സെക്കൻററി പരീക്ഷാ ഫലങ്ങൾ വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി പ്രഖ്യാപിച്ചു. 78.69 ആണ് ഹയർ സെക്കൻററി വിജയ ശതമാനം. വി.എച്ച്. എസ്.ഇ പരീക്ഷയിൽ 71.42 ശതമാനം വിദ്യാർത്ഥികൾ വിജയം നേടി.***

*വിശദാംശങ്ങളിലേക്ക്..*

*(വോയിസ്)*

***ഹയർ സെക്കൻററി, വി.എച്ച്. എസ് ഇ പരീക്ഷകളിൽ സംസ്ഥാനത്ത് ഇക്കുറി മുൻവർഷത്തേക്കാൾ താഴെയാണ് വിജയശതമാനം. പ്ലസ് ടു പരീക്ഷയിൽ 4 ശതമാനത്തിൻറെയും, വി.എച്ച്.എസ്.ഇയിൽ 7 ശതമാനത്തിൻറെയും കുറവാണ് ഇത്തവണ ഉണ്ടായിരിക്കുന്നത്. ഹയർ സെക്കൻററി സയൻസ്***

*വിഭാഗത്തിൽ 84.84 ഉം, കൊമേഴ്സിൽ 76.11 ഉം, ഹ്യുമാനിറ്റീസിൽ 67.09 ഉം ശതമാനം വിദ്യാർത്ഥികൾ വിജയം നേടി. 39,242 പേർ എല്ലാവിഷയത്തിലും എ പ്ലസ്സ് നേടിയിട്ടുണ്ട്. വിജയശതമാനം ഏറ്റവും കൂടുതൽ എറണാകുളം ജില്ലയിലും കുറവ് വയനാടുമാണ്. വൊക്കേഷണൽ ഹയർ സെക്കൻററി പരീക്ഷയിൽ വിജയ ശതമാനം കൂടുതൽ വയനാട്ടിലും, കുറവ് കാസർഗോഡുമാണ്. സേ, ഇംപ്രൂവ്മെൻറ് പരീക്ഷകൾ ജൂൺ 12 മുതൽ 20 വരെ നടക്കും. ഇതിനായി ഈ മാസം 13 വരെ അപേക്ഷിക്കാം. പുനർമൂല്യ നിർണയം, ഫോട്ടോകോപ്പി, സൂക്ഷ്മപരിശോധന എന്നിവയ്ക്ക് അപക്ഷിക്കാനുള്ള അവസാന തീയതി ഈ മാസം 14 ആണ് .*

*ന്യൂസ് ഡസ്ക്, ആകാശവാണി*

$$$$$$$$$$$$$$$$$$

PNU TVPM

പ്ലസ് ടു -നൂറുശതമാനം

പ്ലസ് ടു പരീക്ഷയിൽ നൂറുശതമാനം വിജയം നേടിയ സർക്കാർ സ്കൂളുകളുടെ എണ്ണം കുറഞ്ഞതിൽ പരിശോധന ആവശ്യമാണെന്ന് മന്ത്രി വി ശിവൻകുട്ടി. ഇതുസംബന്ധിച്ച് പ്രാഥമിക പരിശോധന നടത്തി രണ്ടാഴ്ചയ്ക്കകം റിപ്പോർട്ട് നല്കാൻ വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തുമെന്നും അദ്ദേഹം വ്യക്തമാക്കി. ഇത്തവണ നൂറു ശതമാനം വിജയം നേടിയത് ഏഴു സർക്കാർ സ്കൂളുകളാണ് . 17 എയ്ഡഡ് സ്കൂളുകളും 27 അൺഎയ്ഡഡ് സ്കൂളുകളും 12 സ്പെഷ്യൽ സ്കൂളുകളും നൂറു ശതമാനം വിജയം കരസ്ഥമാക്കി .

$$$$$$$$$$$$$$$$$$

വൈദ്യുതി മന്ത്രി

ഉഷ്ണ തരംഗത്തെ തുടർന്ന് സംസ്ഥാനത്ത് താൽക്കാലികമായി ഉണ്ടായ വൈദ്യുതി പ്രതിസന്ധി നിയന്ത്രണ വിധേയമായെന്ന് വൈദ്യുതി മന്ത്രി കെ

കൃഷ്ണൻകുട്ടി വിളിച്ചു ചേർത്ത കെ എസ് ഇ ബി ഉന്നത ഉദ്യോഗസ്ഥരുടെ യോഗം വിലയിരുത്തി. വൻകിട വൈദ്യുതി ഉപഭോക്താക്കളുമായി കെ എസ് ഇ ബി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ പീക്ക് സമയത്തെ വൈദ്യുതി ഉപയോഗത്തിൽ ഏകദേശം 117 മെഗാവാട്ട് വൈദ്യുതിയുടെ കുറവ് വരുത്തിയിരുന്നു. ഇന്നലെ സംസ്ഥാനത്ത് പല ഭാഗത്തും വേനൽ മഴ ലഭിച്ചതിനെത്തുടർന്ന് പരമാവധി ഉപഭോഗം 5,251 മെഗാവാട്ടായി കുറഞ്ഞു. എന്നാൽ വൈദ്യുതി ഉപഭോഗത്തിൽ ഇന്നല വലിയ കുറവ് ഉണ്ടായില്ല. 10.9 കോടി യൂണിറ്റായിരുന്നു ഇന്നലത്തെ വൈദ്യുതോപഭോഗം .

$$$$$$$$$$$$$$$$$$$

## ദേവസ്വം ബോർഡ്

തിരുവിതാംകൂർ ദേവസ്വം ബോർഡിൻറെ കീഴിലുള്ള ക്ഷേത്രങ്ങളിൽ അരളിപ്പൂ നിവേദ്യത്തിൽ നിന്നും, അർച്ചന പ്രസാദത്തിൽ നിന്നും ഒഴിവാക്കുമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡൻറ് പി എസ് പ്രശാന്ത് . പകരം തുളസി, പിച്ചി ,തെച്ചി, മുല്ല, റോസ , തെറ്റി തുടങ്ങിയ പൂക്കൾ പരമാവധി ഉപയോഗിക്കും. എന്നാൽ പൂജയ്ക്ക് അരളിപ്പൂ ഉപയോഗിക്കുന്നത് തുടരുമെന്നും അദ്ദേഹം തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു. സമൂഹത്തിൽ നിലനിൽക്കുന്ന ആശങ്ക പരിഗണിച്ചാണ് തീരുമാനമെന്നും ദേവസ്വം ബോർഡ് പ്രസിഡൻറ് വ്യക്തമാക്കി .

RNU TVPM

$$$$$$$$$$$$$$$$$$$

## തെരുവ് നായ

തെരുവുനായ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ അടക്കം ഹർജികൾ സുപ്രീം കോടതി തീർപ്പാക്കി. 2023 ലെ എബിസി ചട്ടങ്ങൾ നിലവിൽ വന്നതിനാൽ വിഷയത്തിൽ ഇടപെടാനില്ലെന്നും പുതിയ ചട്ടങ്ങളിൽ പരാതിയുണ്ടെങ്കിൽ അതത് ഹൈക്കോടതികളെ സമീപിക്കാമെന്നും സുപ്രീം കോടതി വ്യക്തമാക്കി. സുപ്രീംകോടതി നിർദ്ദേശ പ്രകാരം ഹൈക്കോടതിയെ

സമീപിക്കാൻ തീരുമാനിച്ചതായി കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് അറിയിച്ചു.

$$$$$$$$$$$$$$$$$$

**എയർ ഇന്ത്യ എക്സ്പ്രസ്**

വിമാനങ്ങൾ റദ്ദാക്കിയതിനെ തുടർന്ന് യാത്രക്കാർക്ക് നേരിട്ട ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടികൾ പുരോഗമിക്കുകയാണെന്ന് എയർ ഇന്ത്യ എക്സ്പ്രസ്. 20 റൂട്ടുകളിൽ എയർ ഇന്ത്യ വിമാനങ്ങൾ, എയർ ഇന്ത്യ എക്സ്പ്രസിനു പകരമായി സർവീസ് നടത്തും. 283 വിമാനങ്ങളാണ് ഇന്ന് സർവീസ് നടത്തുന്നത്. 85 വിമാന സർവ്വീസുകൾ ഇന്നും റദ്ദാക്കിയിട്ടുണ്ട്. . ഈ സാഹചര്യത്തിൽ വിമാനയാത്ര നടത്തുന്നവർ വിമാനത്താവളത്തിലേക്ക് പോകുന്നതിന് മുമ്പ് യാത്രാ സ്റ്റാറ്റസ് പരിശോധിക്കണമെന്ന് കമ്പനി നിർദ്ദേശിച്ചു.

$$$$$$$$$$$$$$$$$$

RNU TVPM

**വെസ്റ്റ്നൈൽ പനി**

വെസ്റ്റ്നൈൽ പനി ബാധിച്ച് പാലക്കാട് വയോധികൻ മരിച്ചു. 67കാരനായ കാഞ്ഞിക്കുളം സ്വദേശിയാണ് മരിച്ചത്. പെരിന്തൽമണ്ണയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കെയാണ് മരണം. രോഗബാധയുടെ ഉറവിടം കണ്ടെത്തി വരികയാണെന്നും പ്രദേശത്തെ വീടുകളിൽ ആരോഗ്യവകുപ്പ് നിരീക്ഷണം ഏർപ്പെടുത്തിയതായും പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. മലപ്പുറം, കോഴിക്കോട്, തൃശൂർ ജില്ലകളിലും രോഗം പടർന്നു പിടിക്കുന്ന സാഹചര്യമാണുള്ളത്.

$$$$$$$$$$$$$$$$$$

**ഇലക്ഷൻ കമ്മീഷൻ**

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ മൂന്ന് തദ്ദേശസ്ഥാപന അംഗങ്ങളെ അയോഗ്യരാക്കി. പരവൂർ മുനിസിപ്പാലിറ്റി കൌൺസിലറെയും, ചെമ്പ്, പുന്നപ്ര ഗ്രാമപഞ്ചായത്ത് അംഗങ്ങളെയുമാണ് അയോഗ്യരാക്കിയത്. കൊല്ലം പരവൂർ മുനിസിപ്പാലിറ്റി പത്താം വാർഡ് കൌൺസിലർ നിഷാ കുമാരിയെ ഔദ്യോഗിക ലെറ്റർപാഡ്

അച്ചടിയുടെ ക്വട്ടേഷൻ ഏറ്റെടുത്ത് പ്രതിഫലം കൈപ്പറ്റിയതിനാണ് അയോഗ്യയാക്കിയത്. കോട്ടയം ചെമ്പ് ഗ്രാമപഞ്ചായത്ത് വാർഡംഗം ശാലിനി മധുവിനെയും, ആലപ്പുഴ പുന്നപ്ര സൌത്ത് വാർഡംഗം സുൾഫിക്കറിനെയും കമ്മിറ്റി യോഗങ്ങളിൽ മൂന്നുമാസക്കാലയളവിൽ കൂടുതൽ തുടർച്ചയായി ഹാജരാകാത്തതിനാലാണ് അയോഗ്യരാക്കിയത്.

$$$$$$$$$$$$$$$$$$

**<u>ആലപ്പുഴ – ഉഷ്ണതരംഗം</u>**

ആലപ്പുഴ ജില്ലയിൽ ഇന്ന് ഉഷ്ണതരംഗ സാധ്യത നിലനിൽക്കുന്നതിനാൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് മഞ്ഞ അലർട്ട് പ്രഖ്യാപിച്ചു. തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ ഇന്നും നാളെയും താപനില 39°C വരെയും, ആലപ്പുഴ ജില്ലയിൽ 38°C വരെയും ഉയർന്നേക്കാം. കൊല്ലം, കോട്ടയം, പത്തനംതിട്ട, എറണാകുളം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ 37°C വരെയും തിരുവനന്തപുരം, മലപ്പുറം, കാസറഗോഡ് ജില്ലകളിൽ 36°C വരെയും താപനില ഉയരാൻ സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥവകുപ്പ് അറിയിച്ചു. പൊതുജനങ്ങൾക്ക് ജാഗ്രത മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

RNU TVPM

$$$$$$$$$$$$$$$$$$

**<u>കേരളം -മഴ ജാഗ്രത</u>**

കേരളത്തിൽ തിങ്കളാഴ്ച വരെ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ കനത്ത മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്രകാലാവസ്ഥ വകുപ്പ്. മലപ്പുറം, വയനാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ഞായറാഴ്ച പത്തനംതിട്ട, ഇടുക്കി ജില്ലകളിലും തിങ്കളാഴ്ച വയനാട്ട് ജില്ലയിലും മഞ്ഞ ജാഗ്രതയായിരിക്കും. ഇടിമിന്നലിന് സാധ്യതയുള്ളതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണം.

$$$$$$$$$$$$$$$$$$

**കെ.എസ്.ആർ.ടി.സി -ഗവി (ഇൻട്രോ)**

കെ.എസ്.ആർ.ടി.സിയുടെ ഗവി പാക്കേജിന് നിരക്ക് വർദ്ധിപ്പിച്ചതോടെ ബുക്കിംഗ് പ്രതിസന്ധിയിൽ. യാത്ര ഒഴികെ മറ്റ് സൗകര്യങ്ങൾ ഒരുക്കുന്ന കേരള ഫോറസ്റ്റ് ഡവലപ്മെന്റ് കോർപ്പറേഷൻ ട്രക്കിംഗ് കൂടി ഉൾപ്പെടുത്തിയതോടെയാണ് ടിക്കറ്റ് നിരക്കിൽ ഒരാൾക്ക് 500 രൂപയുടെ വർദ്ധനവ് ഉണ്ടായത്.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ...........**

(വോയിസ്)

$$$$$$$$$$$$$$$$$$

**ഐ പി എൽ**

ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് പഞ്ചാബ് കിംഗ്സ്, റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവുമായി ഏറ്റുമുട്ടും. ധരംശാല ക്രിക്കറ്റ് സ്റ്റേഡിയത്തിൽ രാത്രി 7.30-നാണ് മത്സരം. നിലവിൽ പോയിൻറ് പട്ടികയിൽ ബംഗളുരു ഏഴാമതും, പഞ്ചാബ് എട്ടാം സ്ഥാനത്തുമാണ്.

RNU TVPM

$$$$$$$$$$$$$$$$$$

**ഓഹരി / സ്വർണം**

രാജ്യത്തെ ഓഹരി വിപണികൾ നഷ്ടത്തിൽ വ്യാപാരം അവസാനിപ്പിച്ചു . ബോംബെ ഓഹരി സൂചിക സെൻസെക്സ് 1,062 പോയിന്റ് താഴ്ന്ന് 72,404 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 345 പോയിന്റ് നഷ്ടത്തിൽ 21,958 ലുമാണ് വ്യാപാരം അവസാനിപ്പിച്ചത് . സ്വർണവിലയിൽ നേരിയ കുറവ് . പവന് 80 രൂപ കുറഞ്ഞ് 52,920 രൂപയും ഗ്രാമിന് 6,615 രൂപയുമാണ് വില .

$$$$$$$$$$$$$$$$$$

## വിനോദസഞ്ചാരകേന്ദ്രം

കാറ്റിൽ മരങ്ങൾ കടപുഴകി വീണതിനെ തുടർന്ന് അറ്റകുറ്റ പ്രവൃത്തി നടത്തേണ്ടതിനാൽ കാപ്പാട് വിനോദസഞ്ചാരകേന്ദ്രം ഇന്നും നാളെയും അടച്ചിടുമെന്ന് ഡിടിപിസി അറിയിച്ചു. ഈ ദിവസങ്ങളിൽ ജനങ്ങൾക്ക് പ്രവേശനം ഉണ്ടായിരിക്കില്ല.

$$$$$$$$$$$$$$$$$$

## നഷ്ടപരിപഹാരം - ഇടുക്കി

തൊടുപുഴ ബ്ലോക്കിലെ ഇടവെട്ടി പഞ്ചായത്തിൽ നാശനഷ്ടമുണ്ടായ വീടുകൾക്ക് എത്രയും വേഗം നഷ്ടപരിപഹാരം നൽകുമെന്ന് ജില്ലാ കളക്ടർ ഷീബ ജോർജ്ജ് അറിയിച്ചു. കഴിഞ്ഞ ദിവസം ഉണ്ടായ ശക്തമായ കാറ്റിലും മഴയിലും നാല് വീടുകളുടെ മേൽക്കൂര നഷ്ടപ്പെടുകയും , മരം വീണ് രണ്ട് വീടുകൾക്ക് ഭാഗിക കേടുപാടുകൾ ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. നാശനഷ്ടം തിട്ടപ്പെടുത്തുവാൻ പഞ്ചായത്ത് അസി.എൻജിനീയറെയും കാരിക്കോട് വില്ലേജ് ഓഫീസറെയും ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് കളക്ടർ പറഞ്ഞു.

*

**************************

*****************************************************

RNU TVPM